**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2772** **10-03-2025 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക എന്ന് വരെ അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ അനുവദിക്കാനുള്ള തുക എത്രയാണെന്നും ഇതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ 2023-24 അധ്യയന വർഷം വരെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്.<br>2024-25 അധ്യയന വർഷം 1,26,026 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2024-25 അധ്യയന വർഷത്തിലെ ക്ലെയിമുകളിൽ 115.1701256 കോടി രൂപ നാളിതു വരെ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | തുക അനുവദിക്കാൻ ബാക്കി നിൽക്കുന്നതിൽ ഹയർസെക്കന്ററി മുതൽ പോസ്റ്റ് ഡോക്ടറൽ കോഴ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന വിവരം തരംതിരിച്ച് ലഭ്യമാക്കുമോ; | (ബി) | 2024-25 അധ്യയന വർഷം സ്കോളർഷിപ്പിനായി അധിക ഫണ്ട് ലഭ്യമാകുന്ന മുറക്ക് അനുവദിച്ച് നൽകുന്നതാണ് |
| (സി) | പ്രസ്തുത സ്കോളർഷിപ്പിനായി നിലവിൽ ബഡ്ജറ്റിൽ തുക ബാക്കിയുണ്ടോ; ഇല്ലെങ്കിൽ അധിക തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പടെ 333 കോടി രൂപ പൂർണമായും വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ